# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3417 — 23/06/2014-ൽ മറുപടിയ്ക്ക്**

**തീരസമൃദ്ധി പദ്ധതിയുടെ ഫണ്ട്**

**ചോദ്യം**
ശ്രീ. ജി. എസ്. ജയലാൽ:

(എ) തീരസമൃദ്ധി പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ നെല്ലേറ്റിൽ എന്ന സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അധികാരികളിൽ നിന്നും യഥാസമയം ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ലഭിക്കാത്തതു കാരണമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിയാതിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്ക് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ ആയത് എന്താണെന്നും അവ ഒഴിവാക്കിക്കിട്ടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും അറിയിക്കുമോ?

**മറുപടി**
ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

(എ) യും (ബി) യും (സി) യും

തീരസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് കൊല്ലം ഡിവിഷന്റെ പരിധിയിൽ 50 ലക്ഷം രൂപ അനുവദിച്ചതിൽ ചെലവായ തുക കഴിച്ച് പരവൂരിൽ വാട്ടർ ടാങ്ക്, കുഴൽകിണർ എന്നിവ നിർമ്മിക്കുന്നതിന് 15.19 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ടി പ്രവൃത്തി നടപ്പാക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. പിന്നീട് പരവൂർ പൂതകുളത്ത് നെല്ലേറ്റിന് സമീപം നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽ ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാണെന്ന് മുനിസിപ്പൽ അധികൃതർ അറിയിക്കുകയുണ്ടായി. തീരസമൃദ്ധി പദ്ധതി പ്രകാരം 2002 ലാണ് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിച്ചിരുന്നത്. എന്നാൽ ടി പ്രവൃത്തി പരവൂർ മുനിസിപ്പാലിറ്റിയിൽ നിന്ന് സ്ഥലം ലഭ്യമാകാൻ കാലതാമസം വന്ന സാഹചര്യത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നടപ്പാക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് പരവൂർ മുനിസിപ്പാലിറ്റി സ്ഥലം അനുവദിച്ച സാഹചര്യത്തിൽ ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

സെക്ഷൻ ആഫീസർ